## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2051 18.06.2013 -ൽ മറുപടിക്ക്

### അങ്കമാലി കെ. എസ്. ആർ. ടി. സി. സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടത്തിനായുള്ള സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ ; | (എ) | അങ്കമാലി ബസ് സ്റ്റേഷൻ പുതിയ പ്രവേശന കവാടത്തിനായി പൊന്നും വിലയ്ക്കെടുത്ത 3.59 ആർ സ്ഥലം 23.03.2013-ൽ ആലുവ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കെ.എസ്.ആർ. ടി.സി.യ്ക്ക് കൈമാറുകയുണ്ടായി. പ്രവേശന കവാടത്തിനു വേണ്ടിയുള്ള 2.82 ആർ സർക്കാർ പുറംപോക്ക് ഭൂമി കെ.എസ്.ആർ.ടി.സി.യ്ക്ക് സൗജന്യമായി ലാൻഡ് ട്രാൻസ്ഫർ വ്യവസ്ഥയിൽ പതിച്ചു തരുന്നതിന് വേണ്ടിയുള്ള റിക്വസിഷൻ ഫോറം പൂരിപ്പിച്ച് എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നടപടികളിൽ നിന്നും ആദ്യം ഒഴിവാക്കിയ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ ; | (ബി) | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 0.24 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായതിനെ തുടർന്ന് കെ.എസ്.ആർ. ടി.സി.യ്ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 15.02.2013-ൽ എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് കൈമാറിയിട്ടുണ്ട്. ടി സ്ഥലം എത്രയും വേഗം ഏറ്റെടുക്കുന്നതിനുള്ള നടപടി റവന്യു വകുപ്പിൽ (കളക്ടറേറ്റിൽ) അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നടപടികൾ പൂർത്തിയാക്കി എന്ന് പ്രവേശന കവാടം ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) | സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറുന്ന മുറയ്ക്ക് പ്രവേശന കവാടനിർമ്മാണം നടത്തി ഗതാഗത യോഗ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ